# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 30.08.2025 മുതൽ 03.09.2025 വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 69/2025 | തീയ്യതി: 29/08/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 118.4 | 26.0 – 31.5 | 22.8 – 24.6 | 66 – 98 | 00 – 08 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 30-08-2025 | 31-08-2025 | 01-09-2025 | 02-09-2025 | 03-09-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 15 | 5 | 3 | 4 | 4 |
| കൂടിയതാപനില, °C | 26 | 26 | 26 | 26 | 26 |
| കുറഞ്ഞതാപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയആപേക്ഷികആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 4 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 340 | 340 | 290 | 290 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രതയും ഊഷ്മാവും അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും മേഘാവൃതമായിരിക്കും | | |
| അപായ സൂചന | ആഗസ്റ്റ് 30മുതൽ സെപ്റ്റംബർ 02വരെ ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത.<br>വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തീറ്റകൾ എന്നിവ പിക്ക് പൂപ്പൽ പിടിക്കുക മുതലായവ | | |
| **പൊതുനിർദ്ദേശങ്ങൾ** | കഴിഞ്ഞ ദിവസങ്ങളിൽ അനുഭവപ്പെട്ട ഉയർന്ന താപനിലയും ഉയർന്ന അന്തരീക്ഷ ആർദ്രതയും ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക. വിളകൾക്ക് വളപ്രയോഗം ചെയ്യാൻ അനുയോജ്യമായ കാലാവസ്ഥയാണ്. വിളകളുടെ വളർച്ചാഘട്ടം അനുസരിച്ച് വളം നൽകുക. | | |

| | | | |
|---|---|---|---|
| നെല്ല് | കതിര് വരുന്ന സമയം | ഇത്തവണ കാലവർഷം ശരാശരിയിലും കുറവായതിനാൽ പലയിടങ്ങളിലും പാടങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. നെൽക്കതിർ വരുന്നത് തൊട്ട് മണികൾ രൂപപ്പെടുന്നത് വരെയുള്ള കാലയളവിൽ ജല ദൗർലഭ്യം അനുഭവപ്പെട്ടാൽ നെല്ല് പതിരാകുന്നതിന് സാധ്യത ഏറെയുണ്ട്. സാധ്യമായ ഇടങ്ങളിലൊക്കെ പാടങ്ങളിൽ നേരിയ കനത്തിൽ വെള്ളം കെട്ടി നിർത്തുക. | |
| നെല്ല് | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | മുൻ കരുതലായ് പ്സ്യൂഡോമോണാസ് ഫ്ലൂറസെൻസ്( 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക<br>രോഗം കാണുകയാണെങ്കിൽ മാത്രം നാറ്റീവോ ® കുമിൾ നാശിനി 4 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക തളിക്കുക |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ  | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| കുരുമുളക് | പുതുതായ് നട്ടത് | ദ്രുത വാട്ടം  | റിഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കടചീയൽ  | മുൻകരുതലായിസ്ട്രെപ്റ്റോസൈക്ലിൻലായനി (@2ഗ്രാംപത്തുലിറ്റർവെള്ളത്തിൽ)അല്ലെങ്കിൽകോപ്പർഹൈഡ്രോക്സൈഡ് (@20ഗ്രാംപത്തുലിറ്റർവെള്ളത്തിൽ) വാഴത്തടത്തിൽകുതിർക്കുക |
| ഇഞ്ചി | വിവിധ ഘട്ടം | വാട്ടം  | ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br>രോഗം വന്ന ചെടികൾ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |

| | | | |
|---|---|---|---|
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക. അല്ലെങ്കിൽ ക്വിനാൽഫോസ് 2 മില്ലി ഒരു 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| പശു | വിവിധഘട്ടം | പാദ, വായ രോഗം<br><br> | അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു.<br>**പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി